2. വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിൽ -ജി.ഒ.(എം.എസ്) നമ്പർ 79/2015/തൊഴിൽ, തീയതി 4-7-2015

3. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ - ജി.ഒ. (എം.എസ്) നമ്പർ 89/2015/തൊഴിൽ, തീയതി 21-7-2015

ആറ്റിങ്ങൽ ഐ.ടി.ഐ.

208 (5011) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആറ്റിങ്ങൽ ഐ.ടി.ഐ. സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ; ഒഴിവുള്ള അദ്ധ്യാപക തസ്തിക കൂടി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആറ്റിങ്ങൽ ഐ.ടി.ഐ. സെന്റർ ഓഫ് എക്സലൻസാക്കി ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള ട്രേഡുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും അധ്യാപകരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത ട്രേഡുകളിൽ എംപ്ലോയ്മെന്റ് /ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ച് ഒഴിവ് നികത്തപ്പെടുന്നു. നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

കടുത്തുരുത്തി പെരുവ ഗവ. ഐ.ടി.ഐ.ക്കുള്ള പുതിയ കെട്ടിടം

209 (5012) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പെരുവ ഗവ. ഐ.ടി.ഐ.-ക്ക് മുളക്കുളം പഞ്ചായത്ത് വക സ്ഥലം 12/6/2015 ലെ ജി ഒ.(ആർ.ടി) നം. 1767/ 2015/ എൽ. എസ്.ജി.ഡി. പ്രകാരം അനുവദിച്ചതിനെത്തുടർന്ന് ഇവിടെ കെട്ടിട നിർമ്മാണം നടത്തുന്നതിന് തൊഴിൽ വകുപ്പ് ഡി. പി. ആർ. സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്രയും വേഗം ഡി. പി. ആർ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതു സംബന്ധിച്ച് ടെയിനിംഗ് ഡയറക്ടറേറ്റിൽ ഫയൽ നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ നമ്പർ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly